**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6344** **20-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ നിലവിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ കുട്ടികളുടെ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പ്രസ്തുത സ്കൂൾ പ്രവേശനത്തിനുള്ള വരുമാനപരിധിയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ കുട്ടികളുടെ ആരോഗ്യകാര്യങ്ങളിൽ മികച്ച രീതിയിൽ ശ്രദ്ധ ചെലുത്തുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും മെഡിക്കൽ യൂണിറ്റുകളുടെ നിരന്തരസേവനം വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നുണ്ട്. കൂടാതെ മോഡൽ റസിൻഷ്യൽ സ്കൂളിൽ പഠിക്കുന്ന മുഴുവൻ കുട്ടികളുടെയും ആരോഗ്യ പരിരക്ഷ ഉറപ്പ് വരുന്നതുന്നതിനായി അവരുടെ ആരോഗ്യ സംബന്ധമായ മുഴുവൻ വിവരങ്ങളും സമഗ്രമായി രേഖപ്പെടുത്തുന്നതിനും തുടർചികിത്സകൾക്ക് പ്രയോജനപ്രദമാകുന്ന തരത്തിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്തിട്ടുണ്ട്. പഠനം പൂർത്തിയാക്കുന്ന കുട്ടികൾക്കും പ്രസ്തുത ഹെൽത്ത് കാർഡ് വഴി ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്നുണ്ട്. കൂടാതെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ കുട്ടികളുടെ ആരോഗ്യ പരിപാലനത്തിനായി നഴ്സുമാരെയും ആയമാരെയും നിയമിച്ചിട്ടുണ്ട്.<br><br>മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവേശനത്തിനുള്ള വരുമാനപരിധി ഈ സർക്കാർ ഒരു ലക്ഷം രൂപയിൽ നിന്ന് രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പ്രവേശനത്തിന് വേണ്ടി അപേക്ഷിച്ചിട്ടുള്ള അർഹരായ മുഴുവൻ വിദ്യാർത്ഥികളുടെയും പ്രവേശനത്തിന് ശേഷവും സീറ്റുകൾ ഒഴിവുകളുണ്ടെങ്കിൽ പ്രസ്തുത ഒഴിവുകളിലേക്ക് അപേക്ഷിക്കുന്നതിന് വിദ്യാർത്ഥികളുടെ കുടുംബ വാർഷിക വരുമാനപരിധി |

| | | | |
|---|---|---|---|
| | | | നിലവിലുള്ള 2,00,000/- രൂപയിൽ നിന്നും 3,00,000/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കായിക പഠനത്തിന് ഊന്നൽ നൽകികൊണ്ട് പ്രത്യേക മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ബി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കായിക പഠനത്തിന് ഊന്നൽ നൽകി കൊണ്ട് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാസർഗോഡ് ജില്ലയിൽ ഒരു സ്പോർട്സ് ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിച്ചിട്ടുണ്ട്. 30 വീതം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും 6-ാം ക്ലാസിലേക്കാണ് ടി സ്ഥാപനത്തിൽ പ്രവേശനം നൽകുന്നത്. വിവിധ കേന്ദ്രങ്ങളിൽ സെലക്ഷൻ ട്രയൽസ് നടത്തിയാണ് കുട്ടികൾക്ക് പ്രവേശനം നൽകുന്നത്. |

സെക്ഷൻ ഓഫീസർ